# കേരളസർവകലാശാല

നം.പി.ആർ.181/2023 തിരുവനന്തപുരം, തീയതി:07/09/2023

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ് പ്രോഗ്രാമുകളിലേക്കുള്ള ഡിഫൻസ് ക്വാട്ട സ്പോർട്സ് ക്വാട്ട വിഭാഗങ്ങൾക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കുമുള്ള സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 08 ന് സെനറ്റ് ഹാൾ, കേരള സർവകലാശാല പാളയം ക്യാമ്പസ്സിൽ വച്ച്

:

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ്, എയ്ഡഡ് കെ.യു.സി.ടി.ഇ. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ് കോഴ്സുകളിൽ ഡിഫൻസ് ക്വാട്ട വിഭാഗങ്ങൾക്കുള്ള സ്പോട്ട് അലോട്മെന്റ് 2023 സെപ്റ്റംബർ 08 ന് കേരള സർവകലാശാല, സെനറ്റ് ഹാൾ, പാളയം ക്യാമ്പസ്സിൽ വച്ചു നടത്തുന്നതാണ്. അന്നേദിവസം ഹാജാരാകാത്ത അപേക്ഷകരെ പ്രസ്തുത ക്വാട്ടയിലേക്ക് പിന്നീട് പരിഗണിക്കുന്നതല്ല. പ്രസ്തുത ക്വാട്ടയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള ജില്ലാ സൈനിക വെൽഫയർ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റും അസ്സൽ/പകർപ്പ് മാർക്ക് ലിസ്റ്റുകളും മറ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം സെപ്റ്റംബർ 08 ന് രാവിലെ 10 മണിക്കു മുൻപായി സെനറ്റ് ഹാൾ, കേരള സർവകലാശാല പാളയം ക്യാമ്പസ്സിൽ എത്തേണ്ടതാണ്.

സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ലിസ്റ്റ് പ്രകാരമുള്ള സ്പോർട്സ് ക്വാട്ട സീറ്റിലേക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കും (കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ട ഉൾപ്പെടെ) അന്നേ ദിവസം തന്നെ മേൽപറഞ്ഞ വേദിയിൽ വച്ച് സ്പോട്ട് അലോട്മെന്റ് നടത്തുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ മതിയായ രേഖകളുമായി അന്നേ ദിവസം 10 മണിക്ക് മുൻപായി ഹാജരാകേണ്ടതാണ്. ഓൺലൈനിൽ അപേക്ഷിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക്ലിസ്റ്റുകൾ ഇല്ലാത്തപക്ഷം വിദ്യാർത്ഥികൾ അലോട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

സ്പോട്ട് അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെ ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ വിദ്യാർത്ഥികൾ ഹാജരാകാൻ സാധിക്കാത്ത പക്ഷം വിദ്യാർത്ഥികൾ നൽകുന്ന സാക്ഷ്യപത്രവുമായി രക്ഷകർത്താവിന് ഹാജരാകാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ.

സ്പോർട്സ് ക്വാട്ട, ഡിഫൻസ് ക്വാട്ട തുടങ്ങി ഒഴിവു വരുന്ന എല്ലാ സീറ്റുകളും ജനറൽ മെറിറ്റ് സീറ്റിലേക്ക് പരിവർത്തനം നടത്തി അലോട്ട്മെൻറ് പ്രക്രിയ പൂർത്തിയാകുന്നതാണ്.

## പ്രാക്ടിക്കൽ/ വൈവ വോസി

കേരളസർവകലാശാല 2023 ജൂലൈ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ 2023 സെപ്റ്റംബർ 12 മുതൽ 15 വരെ അതാത് കോളജുകളിൽ വച്ച് നടത്തുന്നത്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 സെപ്റ്റംബർ 18, 19 തീയതികളിൽ അമ്പലത്തറ നാഷണൽ കോളജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ലിയു) (315) മാർച്ച് 2023 വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 14 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു പരീക്ഷാ കേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

കേരളസർവകലാശാല 2023 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ബോട്ടണി പരീക്ഷയുടെ പ്രാക്ടിക്കൽ ഡെസേർട്ടേഷൻ കോംപ്രീഹെൻസിവ് /വൈവ എന്നിവയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2023 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി പരീക്ഷയുടെ അനുബന്ധ പ്രാക്ടിക്കൽ /വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 12, 14 തീയതികൾ നടത്തുന്നതാണ് . പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

കേരളസർവകലാശാല രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ / ബി.എസ്.സി /ബി.കോം ഡിഗ്രി സെപ്റ്റംബർ 2023 (റെഗുലർ 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി 2021 അഡ്മിഷൻ, സപ്ലിമെന്ററി 2018 മുതൽ 2020 അഡ്മിഷൻ, , മേഴ്സി ചാൻസ് 2015 മുതൽ 2017 അഡ്മിഷൻസ്) പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ ആരംഭിക്കുന്നു വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2020 സ്കീം (2020 അഡ്മിഷൻ) അഞ്ചാം സെമസ്റ്റർ (റെഗുലർ) സെപ്റ്റംബർ 2023 പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ 2023 സെപ്റ്റംബർ 12 മുതൽ തുടങ്ങുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്

## പരീക്ഷാഫലം

2023 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ (ഡിസംബർ 2022 സെഷൻ) പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗ്രൂപ്പ് ഡിസ്കഷൻ/ ഇന്റർവ്യൂ

കേരള സർവകലാശാലയുടെ ഡിപ്പാർട്മെന്റുകളിൽ MSW (CSS) കോഴ്സിന്റെ പ്രവേശനത്തിന് വേണ്ടി നടത്തിയ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികൾക്ക് MSW /MSW (DM )/ MAHRM ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂനും വേണ്ടി അഫിലിയേറ്റഡ് കോളേജുകളിൽ അപേക്ഷിക്കാവുന്നതാണ്.

# <u>സീറ്റൊഴിവ്</u>

കേരളസർവകലാശാലയുടെ ബയോടെക്നോളജി പഠനഗവേഷണവകുപ്പിൽ എം.എസ്സ്.സി. ബയോടെക്നോളജി 2023–2025 ബാച്ച് അഡ്മിഷന് SC സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2023 സെപ്റ്റംബർ 11 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട്ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**